(ബി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കൺസിലിയേഷൻ നടപടികൾ അവസാനിപ്പിച്ചിട്ടില്ല.

(ബി) കാലതാമസം ഉണ്ടായിട്ടില്ല. അനുരഞ്ജന സമ്മേളനങ്ങൾ അനവധി വിളിച്ചുകൂട്ടി. മാനേജുമെന്റിന്റെയും തൊഴിലാളികളുടേയും വ്യത്യസ്ഥ നിലപാടുകാരണം ഒത്തു തീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

കെ.എസ്. ആർ. ടി. സി. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ

* 87. [88] ശ്രീ. വി. സി. കബീർ :
,, സിറിയക് ജോൺ :
,, കെ. കെ. ബാലകൃഷ്ണൻ :
,, കെ. ശങ്കരനാരായണപിള്ള :
,, പി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചത് ഏതുവർഷമാണ് ;

(ബി) സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതു സംബന്ധിച്ച് കോർപ്പറേഷൻ മാനേജുമെന്റും യൂണിയൻ പ്രതിനിധികളും തമ്മിൽ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കാരിക്കുവാൻ ഇത്രയും വൈകിയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 1979-ൽ.
(ബി) ഉണ്ട്.
(സി) ഉണ്ട്.
(ഡി) സേവന വേതന വ്യവസ്ഥകൾ പുതുക്കുന്നതിനുള്ള ചർച്ച 15-9-1983-ൽ ആരംഭിച്ചുവെങ്കിലും സുപ്രധാനമായ ചില പ്രശ്നങ്ങളിൻമേൽ യൂണിയൻ പ്രതിനിധികളുമായി യോജിപ്പിലെത്തുവാൻ സാധിക്കാത്തതു കൊണ്ട് അന്തിമ തീരുമാനമെടുക്കാൻ കഴിയാതിരിക്കുന്നു.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികളിൽ പൂർത്തിയാക്കിയ റോഡുകൾ

* 88. [89] ശ്രീ. കെ. രാഘവൻ മാസ്റ്റർ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ബന്നി ബഹനാൻ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര റോഡുകൾ പണി പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ചെലവഴിച്ച തുകയെത്ര ;

(സി) ഇതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെപ്പറ്റി ഗവൺമെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) 1986-87 സാമ്പത്തികവർഷം സെപ്റ്റംബർ മാസം അവസാനം വരെ എൻ. ആർ. ഇ. പി. യിൽ 411 റോഡുകളും ആർ. എൽ. ഇ. ജി. പി. യിൽ 134 റോഡുകളുടെയും പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) എൻ. ആർ. ഇ. പി. റോഡുകൾക്ക് 286.17 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. റോഡുകൾക്ക് 236.05 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് സംരക്ഷണം നൽകാനുള്ള നിയമനിർമ്മാണം

* 89. [90] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, കെ. മൂസ്സക്കുട്ടി :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, കോടിയേരി ബാലകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിനാവശ്യമായ നിയമനിർമ്മാണം നടപ്പ് സമ്മേളനക്കാലത്ത് തന്നെ കൈക്കൊള്ളാൻ നടപടി സ്വീകരിക്കുമോ ;

(ബി) വ്യവസായ തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ബോണസ്, ഗ്രാറ്റുവിറ്റി, ലീവ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ ആനുകൂല്യങ്ങൾ സംസ്ഥാനത്തെ കൺസ്ട്രക്ഷൻ തൊഴിലാളികൾക്കും ബാധകമാക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) നിയമനിർമ്മാണത്തിന് മുമ്പുള്ള നടപടികൾ പൂർത്തിയായിട്ടില്ല. അവ പൂർത്തിയായാൽ ഉടൻ തന്നെ നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കും.

(ബി, സി) ഇല്ല.

അപകടത്തിൽപ്പെട്ട കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം

* 90. [91] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് അപകടം ഉണ്ടാകുമ്പോൾ സാമ്പത്തിക സഹായം നൽകുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly